**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4938** — **11-08-2021 - ൽ മറുപടിയ്ക്ക്**

**പകർച്ച വ്യാധികളുടെ പ്രതിരോധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കൊവിഡിനെ പ്രതിരോധിക്കുന്നതിന് അടിസ്ഥാനപരമായി വേണ്ടത് വൃത്തിയുള്ള പരിസരവും ശുദ്ധവായുവും വെള്ളവും വിഷരഹിതഭക്ഷണവുമാണ് എന്ന വസ്തുത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (എ) | കോവിഡിനെ പ്രതിരോധിക്കുവാനായി പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുവാൻ വിവിധ സന്ദേശങ്ങൾ പത്ര, ദൃശ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെ നൽകിയിട്ടുണ്ട്. കോവിഡ് കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നതിന് മുൻപ് തന്നെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഇതിനായി SMS ക്യാമ്പെയിനിലൂടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് ഇടയ്ക്കിടെ കഴുകുക, മാസ്ക് ധരിയ്ക്കുക, സാമൂഹിക അകലം പാലിക്കുക എന്നീ സന്ദേശങ്ങൾ ജനങ്ങളിലെത്തിച്ചു. ഇത് ഇപ്പോഴും തുടർന്നു വരുന്നു. തുടർന്ന് ജീവന്റെ വിലയുള്ള ജാഗ്രത, തുടരണമീ കരുതൽ, ബാക് ടു ബേസിക്സ്, ക്രഷ് ദ കർവ്, മൂന്നാം തരംഗത്തിന്റെ മുനയൊടിക്കാം തുടങ്ങിയ ക്യാമ്പെയിനുകൾ നടത്തി. എഫ്.എം റേഡിയോ ഉൾപ്പെടെയുള്ള റേഡിയോ സ്റ്റേഷനുകൾ വഴി സന്ദേശങ്ങൾ, പത്ര മാധ്യമങ്ങളിൽ (മലയാളം & ഇംഗ്ലീഷ്) പരസ്യം, വിദഗ്ധ ഡോക്ടർമാരുടെ ലേഖനങ്ങൾ, ടി.വി ചാനലുകളിൽ ആരോഗ്യപരിപാടികൾ, വീഡിയോ, ഓൺലൈൻ മാധ്യമങ്ങളിൽ പ്രചാരണം, വാട്സ് ആപ്പ്, ഫേസ്ബുക്ക്, ടിറ്റർ തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾ വഴിയുള്ള ബോധവത്ക്കരണം ഇവ നടത്തി വരുന്നു. പോസ്റ്ററുകൾ, ബോർഡുകൾ, ബോധവത്ക്കരണ ഗാനങ്ങൾ, ലഘുചിത്രങ്ങൾ, കാർട്ടൂണുകൾ ഇവ തയ്യാറാക്കിയിട്ടുണ്ട്. പൊതുസ്ഥലങ്ങൾ, ഓഫീസുകൾ, കച്ചവട സ്ഥാപനങ്ങൾ, മാളുകൾ, പൊതുഗതാഗത സംവിധാനങ്ങൾ എന്നിവിടങ്ങളിൽ ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിക്കുകയും വോൾ പെയിന്റിംഗ് നടത്തുകയും പ്രതിരോധ സന്ദേശങ്ങൾ അടങ്ങിയ അനൗൺസ് മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്. പുതിയ വിവരങ്ങൾ എല്ലാ ദിവസവും പത്രവാർത്തയായി ജനങ്ങളെ |

| | | | |
|---|---|---|---|
| | | | അറിയിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. |
| (ബി) | പകർച്ച വ്യാധികളുടെ പ്രതിരോധം ഓരോ പ്രദേശത്തെയും എല്ലാവരുടെയും ഉത്തരവാദിത്തമാണെന്ന തിരിച്ചറിവ് ഉണ്ടാകാതെ ഇത്തരം പ്രതിരോധ പ്രവർത്തനങ്ങൾക്ക് ലക്ഷ്യത്തിലെത്താൻ കഴിയില്ലായെന്ന കാര്യം ജനങ്ങളിൽ എത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) | കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി ആരോഗ്യ മേഖലയിൽ നടപ്പിലാക്കിയ ആർദ്രം മിഷന്റെ പ്രധാനമായ ലക്ഷ്യങ്ങളിലൊന്ന് രോഗപ്രതിരോധ, നിയന്ത്രണ, ആരോഗ്യവർദ്ധക പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുക എന്നതാണ്. ഇത് ലക്ഷ്യമിട്ട് ആരംഭിച്ച ആർദ്രം ജനകീയ ക്യാമ്പെയിനിന്റെ മുദ്രാവാക്യം "നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്വം" എന്നതാണ്. വാർഡ്തല ആരോഗ്യപോഷണ സമിതികളുടെ നേതൃത്വത്തിൽ ആരോഗ്യസേന, അയൽസഭ, അയൽക്കൂട്ടം, വാർഡ് സഭ, ആശ, അങ്കണവാടി, കുടുംബശ്രീ, ഊരുകൂട്ടം, ജാഗ്രതാ സമിതികൾ, പാടശേഖര സമിതികൾ, രാഷ്ട്രീയ സംഘടനകൾ, മത സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കലാകായിക ക്ലബുകൾ, പെൻഷൻ സംഘടനകൾ എന്നിവരെ രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുക വഴി പൊതുജന പങ്കാളിത്തം പകർച്ചവ്യാധി നിയന്ത്രണ പ്രതിരോധ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേരള സർക്കാരിന്റെ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പരിപാടിയായ ആരോഗ്യജാഗ്രത പ്രതിദിനം പ്രതിരോധം - യിലൂടെ പകർച്ചവ്യാധികളെ മുൻ വർഷങ്ങളെ അപേക്ഷിച്ച് കുറച്ചുകൊണ്ടു വരുവാൻ സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പ്രതിരോധത്തിലും നിയന്ത്രണത്തിലും പൊതുജനങ്ങളുടെ കൂട്ടായ ഉത്തരവാദിത്വം ആവശ്യമാണ് എന്ന പൊതുബോധം സൃഷ്ടിക്കുവാനും സാധിച്ചിട്ടുണ്ട്. കോവിഡ് രോഗം സംബന്ധിച്ച ലോക്ഡൗൺ തുടങ്ങിയ നിയന്ത്രണങ്ങൾക്കനുസരിച്ച് ജനങ്ങൾ വീടുകളിൽത്തന്നെ കൂടുതൽ സമയവും ഉണ്ടായിരുന്ന സാഹചര്യത്തിൽ വ്യക്തിശുചിത്വം, പരിസര ശുചിത്വം, കൊതുകുറവിട നശീകരണത്തിന് ഡ്രൈഡേ ആചരണം തുടങ്ങിയവ പാലിക്കുന്നതിന് നിർദ്ദേശങ്ങൾ കൊടുത്തിരുന്നു. വിവിധ പത്ര, ദൃശ്യ, ശ്രവ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് വഴിയും ജനങ്ങൾക്കാവശ്യമായ അവബോധം നൽകിവരുന്നുണ്ട്. ആരോഗ്യം സംബന്ധിച്ച ദിന/ വാര/ മാസാചരണങ്ങളോടനുബന്ധിച്ചും ജനങ്ങൾക്ക് അവബോധം നൽകിവരുന്നുണ്ട്. ഇപ്രകാരം മാസ്ക് ധരിക്കൽ, കൈകൾ ശുചിയാക്കൽ, സാമൂഹിക |

| | | | |
|---|---|---|---|
| | | | അകലം പാലിക്കൽ, പരിസര ശുചീകരണം, തിളപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നത്, ഹോട്ടൽ ഭക്ഷണം ഒഴിവാക്കുന്നത് തുടങ്ങിയ ആരോഗ്യ ശീലങ്ങളുടെ കാരണമാകാം 2020,21 വർഷങ്ങളിൽ വായുജന്യ രോഗങ്ങളായ എച്ച്1 എൻ1, ചിക്കൻപോക്സ് എന്നിവയും ജലജന്യരോഗങ്ങളും മുൻവർഷങ്ങളെ അപേക്ഷിച്ച് കുറയ്ക്കുവാൻ സാധിച്ചത്. അതോടൊപ്പം മലമ്പനി, ഡെങ്കിപ്പനി തുടങ്ങിയ കൊതുകുജന്യ രോഗങ്ങളും നമുക്ക് കുറയ്ക്കുവാൻ സാധിച്ചു. |
| (സി) | പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ ആശുപത്രികളായി മാത്രം കാണാതെ പ്രാഥമിക ആരോഗ്യ-വിദ്യാഭ്യാസ കേന്ദ്രങ്ങളായിക്കൂടി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ തയ്യാറാകുമോ? | (സി) | നിലവിൽ പരിഗണനയിൽ ഇല്ല. ഇക്കാര്യം പരിശോധിയ്ക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ